നം.ഇ.എക്സ്/എച്ച്2/47310/10/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി - 01/12/2010

# വിജ്ഞാപനം

വിഷയം :- ട്രെയിൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് പരീക്ഷ - 2011.

സൂചന :- 1. ഗവ. ഉത്തരവ് നമ്പർ. ജി.ഒ (ആർ.റ്റി)4010/98 പൊതുവിദ്യാഭ്യാസം, തീയതി.: 17/10/1998.
2. ജി.ഒ (എം.എസ്) 413/05 പൊതു.വി.തീയതി : 16/11/2005.
3. സ.ഉ (സാധാ.) നം. 5176/2010/പൊ.വി. തീയതി : 20/11/2010.
4. സ.ഉ (സാധാ.) നം. 5255/2010/പൊ.വി. തീയതി : 24/11/2010.

**2011 ലെ ടി.ടി.സി പരീക്ഷ മാർച്ച് 14-ാം തീയതി ആരംഭിച്ച് 24-ാം തീയതി അവസാനിക്കുന്നതാണ്.** 17-10-1998 ലെ ജി.ഒ (ആർ.ടി4010/98 പൊതു.വി., 16/11/2005 ലെ ജി.ഒ (എം.എസ്) 413/05.പൊതു.വി. എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുതിയ സ്കീമിലും പഴയ സ്കീമിലും പ്രസ്തുത പരീക്ഷ നടത്തുന്നതാണ്.

## വിഭാഗം - എ

### I. പുതിയ സ്കീമിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

1. 16/11/2005 ലെ ജി.ഒ.എം.എസ് 413/05.പൊ.വി. പ്രകാരം 2005-2006 അദ്ധ്യായന വർഷം മുതൽ പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള ട്രെയിൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് കോഴ്സിനെ ആധാരമാക്കിയാണ് പരീക്ഷ നടത്തുന്നത്.
2. ഇതിൽ 3 പാർട്ടുകളായാണ് മൂല്യനിർണ്ണയം നടത്തപ്പെടുന്നത്.
3. പാർട്ട് ഒന്നിൽ 2 പേപ്പറുകളും , പാർട്ട് രണ്ടിൽ 6 പേപ്പറുകളും ആണ് എഴുത്തുപരീക്ഷയ്ക്കുള്ളത്. ഓരോ പേപ്പറിനും ആകെ സ്കോർ 100 വീതം ആയിരിക്കും.
4. പാർട്ട് ഒന്ന്, രണ്ട് എന്നിവയിലെ 8 പേപ്പറുകളിലും ഒന്നാംവർഷവും, രണ്ടാംവർഷവും തുടർമൂല്യനിർണ്ണയമുണ്ട്. രണ്ടുവർഷത്തെയും സ്കോറിന്റെ ശരാശരിയുടെ ശതമാനം എടുത്താണ് ഓരോ പേപ്പറിനുമുള്ള തുടർമൂല്യനിർണ്ണയത്തിന്റെ ഗ്രേഡ് നിശ്ചയിക്കുന്നത്.
5. ഇത് അനുസരിച്ച് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് എല്ലാ പാർട്ടുകളിലെയും എല്ലാ പേപ്പറുകൾക്കും കുറഞ്ഞത് $C^+$ ഗ്രേഡ് എങ്കിലും ലഭിച്ചാൽ മാത്രമേ അദ്ധ്യാപന യോഗ്യത നേടിയതായി പ്രഖ്യാപിക്കപ്പെടുകയുള്ളൂ.

**II. പരീക്ഷയുടെ വിഷയങ്ങൾ, സമയം, സ്കോർ, ഗ്രേഡിംഗ് എന്നിവ താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കും.**

**പാർട്ട് -I എഴുത്തു പരീക്ഷ - ഒന്നാം വർഷം**

| **പേപ്പർ** | **വിഷയം** | **പരീക്ഷാസമയം** | **ആകെ സ്കോർ** |
|---|---|---|---|
| പേപ്പർ I | വിദ്യാഭ്യാസത്തിന്റെ മന:ശാസ്ത്രപരമായ അടിത്തറ | 2½ മണിക്കൂർ | 100 |
| പേപ്പർ II | വിദ്യാഭ്യാസത്തിന്റെ താത്വികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ, വിദ്യാലയ സംവിധാനവും മാനേജ്മെന്റും | 2½ മണിക്കൂർ | 100 |

**പാർട്ട് -II എഴുത്തു പരീക്ഷ - രണ്ടാം വർഷം**

| **പേപ്പർ** | **വിഷയം** | **പരീക്ഷാ സമയം** | **ആകെ സ്കോർ** |
|---|---|---|---|
| പേപ്പർ III | മാതൃഭാഷാ പഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ IV | ഇംഗ്ലീഷ് ഭാഷാപഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ V | ഗണിതശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ VI | ശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ VII | സാമൂഹ്യശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |
| പേപ്പർ VIII | കലാപഠനം - ആരോഗ്യകായിക പഠനം - പ്രവൃത്തി പരിചയപഠനം, ഐ.ടി പഠനം - സമീപനവും പ്രയോഗവും | 2½ മണിക്കൂർ | 100 |

## പാർട്ട് -III തുടർമൂല്യനിർണ്ണയം

പാർട്ട് ഒന്ന്, രണ്ട് എന്നിവയിലെ 8 പേപ്പറുകൾക്കും ഒന്നാം വർഷവും രണ്ടാം വർഷവും തുടർ മൂല്യനിർണയമുണ്ടായിരിക്കും. രണ്ടുവർഷവും ലഭിക്കുന്ന സ്കോറിന്റെ ശരാശരിയുടെ ശതമാനത്തെ അടിസ്ഥാനമാക്കി തുടർ മൂല്യനിർണയത്തിന്റെ ഗ്രേഡ് നിശ്ചയിക്കുന്നതാണ്.

| ക്രമനമ്പർ | വിഷയം | ആകെ സ്കോർ |
|---|---|---|
| 1 | വിദ്യാഭ്യാസത്തിന്റെ മന:ശാസ്ത്രപരമായ അടിത്തറ | 35 |
| 2 | വിദ്യാഭ്യാസത്തിന്റെ താത്വികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ, വിദ്യാലയ സംവിധാനവും മാനേജ്മെന്റും | 35 |
| 3 | മാതൃഭാഷാ പഠനം - സമീപനവും പ്രയോഗവും | 35 |
| 4 | ഇംഗ്ലീഷ് ഭാഷാപഠനം - സമീപനവും പ്രയോഗവും | 35 |
| 5 | ഗണിതശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 35 |
| 6 | ശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 35 |
| 7 | സാമൂഹ്യശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 35 |
| 8 | കലാപഠനം - സമീപനവും പ്രയോഗവും | 35 |
| 9 | ആരോഗ്യ - കായിക പഠനം - സമീപനവും പ്രയോഗവും | 35 |
| 10 | പ്രവൃത്തി പരിചയ പഠനം - സമീപനവും പ്രയോഗവും | 35 |
| 11 | ഐ.ടി പഠനം - സമീപനവും പ്രയോഗവും | 35 |

### ഗ്രേഡിംഗ് സ്കെയിൽ

| ഗ്രേഡ് | സ്കോർ പരിധി |
|---|---|
| $A^+$ | 90 ശതമാനം മുതൽ 100 ശതമാനം വരെ |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ |
| $B^+$ | 70 ശതമാനം മുതൽ 79 ശതമാനം വരെ |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ |
| $C^+$ | 50 ശതമാനം മുതൽ 59 ശതമാനം വരെ |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ |
| $D^+$ | 40 ശതമാനത്തിന് താഴെ |

## III. പരീക്ഷയ്ക്ക് ചേരുവാനുള്ള യോഗ്യതകൾ (പുതിയ സ്കീം)

1. **റഗുലർ (ഒന്നാം വർഷം)**

   സർക്കാർ / എയ്ഡഡ് / അംഗീകൃത അൺഎയ്ഡഡ് ടി.ടി.ഐകളിൽ 2010-2011 അദ്ധ്യായന വർഷം ചേർന്നു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് "ഒന്നാം വർഷ റഗുലർ കാൻഡിഡേറ്റ് '' ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

2. **റഗുലർ (രണ്ടാം വർഷം)**

   2009-2010 അദ്ധ്യായന വർഷം സർക്കാർ / എയ്ഡഡ് / അംഗീകൃത അൺഎയ്ഡഡ് ടി.ടി.ഐ യിൽ ചേർന്നു പഠിച്ചു വരുന്ന വിദ്യാർത്ഥികൾക്ക് "രണ്ടാം വർഷ റഗുലർ കാൻഡിഡേറ്റ്'' ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

3. **റീ - അപ്പിയറൻസ് (ഒന്നാം വർഷം)**

   2009-2010 ൽ ഒന്നാം വർഷ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് പരാജയപ്പെട്ട വിഷയത്തിന് 2011 ൽ "റീ അപ്പിയർ " ചെയ്യാവുന്നതാണ്.

4. **പ്രൈവറ്റ് (ഒന്നാം വർഷം)**

   2006 മുതൽ 2009 വരെയുള്ള ഒന്നാം വർഷത്തെ വിഷയങ്ങളിൽ പരാജയപ്പെട്ടവർക്ക് "പ്രൈവറ്റ് (ഒന്നാം വർഷം)" ആയി പരീക്ഷ എഴുതാവുന്നതാണ്.

5. **പ്രൈവറ്റ് (രണ്ടാം വർഷം)**

   2007 മുതൽ 2010 വരെയുള്ള വിദ്യാർത്ഥികൾക്ക് രണ്ടാം വർഷത്തെ പരാജയപ്പെട്ട വിഷയങ്ങൾക്ക് "പ്രൈവറ്റ് (രണ്ടാം വർഷം)" ആയി പരീക്ഷ എഴുതാവുന്നതാണ്.

# വിഭാഗം - ബി

## I. പഴയ സ്കീമിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

1. 17.10.1998 ലെ ജി.ഒ (ആർടി)4010/98 പൊ.വി. പ്രകാരം പഴയസ്കീമിൽ 2004-06 വരെയുള്ള ടി.ടി.സി ബാച്ചുകളിൽ സർക്കാർ/എയിഡഡ്/അംഗീകൃത ടി.ടി.ഐകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പഴയസ്കീം അനുസരിച്ചായിരിക്കും പരീക്ഷ നടത്തുന്നത്.

2. ഇവർക്ക് ഒന്നാം വർഷം 7 പേപ്പറും, രണ്ടാം വർഷം 7 പേപ്പറും ആയിരിക്കും ഉണ്ടാകുക. ഓരോ വിഷയത്തിന്റെയും ആകെ മാർക്ക് 100 ൽ ആയിരിക്കും.

3. ഇതനുസരിച്ച് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഓരോ പേപ്പറിനും കുറഞ്ഞത് 40% മാർക്ക് വാങ്ങിയാൽ മാത്രമേ വിജയിച്ചതായി പ്രഖ്യാപിക്കപ്പെടുകയുള്ളൂ.

4. പഴയ സ്കീം അനുസരിച്ച് ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് PART-I വിഭാഗത്തിലും രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് PART-III വിഭാഗത്തിലുമായിരിക്കും എഴുത്ത് പരീക്ഷ നടത്തപ്പെടുന്നത്.

5. **സ.ഉ (സാധാ)നം.5176/2010/പൊ.വി. തീയതി - 20/11/2010 ലെ സർക്കാർ ഉത്തരവ് പ്രകാരം പഴയ സ്കീം അനുസരിച്ചുള്ള ടി.ടി.സി പരീക്ഷ 2011 വർഷത്തിലെ പരീക്ഷയോടെ അവസാനിക്കുന്നതാണ്. പഴയ സ്ക്രീമിൽ പരീക്ഷ എഴുതി വിജയിക്കുവാൻ / ഇംപ്രൂവ്മെന്റ് നേടാൻ കഴിയാത്തവർ 2012 വർഷം മുതൽ പുതിയ സ്കീം പരീക്ഷ എഴുതേണ്ടതാണ്.**

## II പരീക്ഷയ്ക്ക് ചേരുവാനുള്ള യോഗ്യതകൾ (പഴയ സ്കീം)

### 1 പഴയ സ്കീം (ഒന്നാം വർഷം)

2004-2006 അദ്ധ്യയന വർഷം ഗവ./എയ്ഡഡ്/അംഗീകൃത ടി.ടി.ഐയിൽ ചേർന്നു പഠിക്കുകയും ആദ്യവർഷത്തെ വിഷയങ്ങളിൽ പരാജയപ്പെടുകയും ചെയ്തവർക്ക് "ഒന്നാം വർഷ പഴയ സ്കീം കാൻഡിഡേറ്റ് " ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

### 2 പഴയ സ്കീം (രണ്ടാം വർഷം)

2004-2006 അദ്ധ്യയന വർഷം ഗവ./എയ്ഡഡ്/അംഗീകൃത ടി.ടി.ഐയിൽ ചേർന്നു പഠിക്കുകയും രണ്ടാംവർഷത്തെ വിഷയങ്ങളിൽ പരാജയപ്പെടുകയും ചെയ്തവർക്ക് "രണ്ടാം വർഷ പഴയ സ്കീം കാൻഡിഡേറ്റ് " ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

### 3 പഴയ സ്കീം - ഒന്നാം വർഷം (Book holders)

2004-2006 ന് മുമ്പ് ഗവ./എയ്ഡഡ്/അംഗീകൃത ടി.ടി.ഐയിൽ ചേർന്നു പഠിക്കുകയും ഒന്നാം വർഷത്തെ വിഷയങ്ങൾക്ക് പരാജയപ്പെടുകയും ചെയ്തവർക്ക് "ടി.ടി.സി ഒന്നാം വർഷ (Book holders)" വിഭാഗത്തിൽ പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

### 4 പഴയ സ്കീം - രണ്ടാം വർഷം (Book holders)

2004-2006 ന് മുമ്പ് ഗവ./എയ്ഡഡ്/അംഗീകൃത ടി.ടി.ഐയിൽ ചേർന്നു പഠിക്കുകയും രണ്ടാം വർഷത്തെ വിഷയങ്ങൾക്ക് പരാജയപ്പെടുകയും ചെയ്തവർക്ക് "ടി.ടി.സി രണ്ടാം വർഷ (Book holders)" വിഭാഗത്തിൽ പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

# വിഭാഗം - സി

I 2011 മാർച്ചിലെ ടി.ടി.സി പരീക്ഷയുടെ സമയവിവരപ്പട്ടിക താഴെ ചേർക്കുന്നു

## A) TTC SECOND YEAR EXAMINATIONS 2011 (NEW SCHEME)

| [ DATE | DAY | TIME | SUBJECT |
|---|---|---|---|
| **14/03/2011** | Monday | 1.45 pm to 4.30 pm | Paper VIII - Learning of Art, Health and Physical Education, Work Experience, Information Technology - Approach and Practice |
| **15/03/2011** | Tuesday | 1.45 pm to 4.30 pm | Paper VII - Learning of Social Science - Approach and Practice |
| **16/03/2011** | Wednesday | 1.45 pm to 4.30 pm | Paper VI - Learning of General Science - Approach and Practice |
| **17/03/2011** | Thursday | 1.45 pm to 4.30 pm | Paper V - Learning of Mathematics - Approach and Practice |
| **21/03/2011** | Monday | 1.45 pm to 4.30 pm | Paper IV - Learning of English Language - Approach and Practice |
| **22/03/2011** | Tuesday | 1.45 pm to 4.30 pm | Paper III - Learning of Mother Tongue - Approach and Practice |

•

## B) TTC FIRST YEAR EXAMINATIONS 2011 (NEW SCHEME)

| DATE | DAY | TIME | SUBJECT |
|---|---|---|---|
| **23/03/2011** | Wednesday | 1.45 pm to 4.30 pm | Paper II - Theoretical, Social and Historical Basis of Education -Direction and Management of Educational Institution |
| **24/03/2011** | Thursday | 1.45 pm to 4.30 pm | Paper I - Psychological Basis of Education |

## C) TTC SECOND YEAR EXAMINATIONS 2011 (OLD SCHEME)

| DATE | DAY | TIME | SUBJECT |
|---|---|---|---|
| 14/03/2011 | Monday | 9.45 am to 12.30 am | Theoretical Basis of Modern Education Introductory Concepts and Principles - II |
| 15/03/2011 | Tuesday | 9.45 am to 12.30 am | Psychology in Modern Educational Practice - II |
| 16/03/2011 | Wednesday | 9.45 am to 12.30 am | Regional Language Education-II (Malayalam, Tamil, Kannada) |
| 17/03/2011 | Thursday | 9.45 am to 12.30 am | English Language Education – II |
| 21/03/2011 | Monday | 9.45 am to 12.30 am | Mathematics Education – II |
| 22/03/2011 | Tuesday | 9.45 am to 12.30 am | General Science Education – II |
| 23/03/2011 | Wednesday | 9.45 am to 12.30 am | Social Science Education – II |

## D) TTC FIRST YEAR EXAMINATIONS 2011 (OLD SCHEME)

| DATE | DAY | TIME | SUBJECT |
|---|---|---|---|
| 14/03/2011 | Monday | 1.45 pm to 4.30 pm | Theoretical Basis of Modern Education Introductory Concepts and Principles - I |
| 15/03/2011 | Tuesday | 1.45 pm to 4.30 pm | Psychology in Modern Educational Practice - I |
| 16/03/2011 | Wednesday | 1.45 pm to 4.30 pm | Regional Language Education - I (Malayalam, Tamil, Kannada) |
| 17/03/2011 | Thursday | 1.45 pm to 4.30 pm | English Language Education – I |
| 21/03/2011 | Monday | 1.45 pm to 4.30 pm | Mathematics Education – I |
| 22/03/2011 | Tuesday | 1.45 pm to 4.30 pm | General Science Education – I |
| 23/03/2011 | Wednesday | 1.45 pm to 4.30 pm | Social Science Education – I |

## II പൊതു നിർദ്ദേശങ്ങൾ

1. അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാകമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കാൻ പാടില്ല.
3. പരീക്ഷാ സമയവിവരപ്പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപ്പട്ടിക കർശനമായി പാലിക്കേണ്ടതാണ്.
4. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിട്ട് ആശ്വാസ സമയമായിരിക്കും. (Cool off time) ഈ സമയത്ത് യാതൊരു കാരണവശാലും കുട്ടികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതാൻ പാടില്ല. ഇങ്ങനെ ചെയ്താൽ പരീക്ഷാക്രമക്കേടായി പരിഗണിക്കുന്നതാണ്.

## III പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം:-

- ഈ വിജ്ഞാപനത്തിൽ "അനുബന്ധം എ" ആയി കൊടുത്തിട്ടുള്ള മാതൃകയിൽ പരീക്ഷാർത്ഥികൾ അപേക്ഷ ടി.ടി.ഐ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽമാർക്ക് **2011 ജനുവരി 11** നു മുമ്പ് നിശ്ചിത ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്.

- പരീക്ഷാർത്ഥി ഒന്നും രണ്ടും വർഷ പരീക്ഷകൾ ഒരുമിച്ചെഴുതുന്നുണ്ടെങ്കിൽ ഓരോ വർഷത്തിനും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

- പ്രൈവറ്റ് പരീക്ഷാർത്ഥികൾ (Book holders) അപേക്ഷ സമർപ്പിക്കുമ്പോൾ അവർ മുമ്പ് പരീക്ഷ എഴുതിയ എല്ലാവർഷത്തിലെയും രജിസ്റ്റർ നമ്പരും വർഷവും കൃത്യമായി അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ സ്വീകരിക്കുമ്പോൾ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽമാർ ഇക്കാര്യം പ്രത്യേകം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഇവർക്ക് ലഭിച്ചിട്ടുള്ള T.T.C Book കൂടി അപേക്ഷയോയൊപ്പം സമർപ്പിക്കേണ്ടതാണ്.

പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ അപേക്ഷകളോ, ഫീസോ ശേഖരിക്കേണ്ടതില്ല. വിജ്ഞാപനപ്രകാരമുള്ള പരീക്ഷാഫീസ് പരീക്ഷാർത്ഥികളിൽ നിന്ന് ടി.ടി.ഐ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽമാർ ശേഖരിച്ച് നിശ്ചയിച്ചിട്ടുള്ള തീയതികൾക്ക് മുമ്പ് ബന്ധപ്പെട്ട ട്രഷറികളിൽ ഒടുക്കണം. ടി.ടി.ഐ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽമാർ സമർപ്പിക്കുന്ന കാൻഡിഡേറ്റ് ലിസ്റ്റ് ഫീസൊടുക്കിയ ചെല്ലാനുമായി ഒത്തുനോക്കി ചീഫ് സൂപ്രണ്ടുമാർ ലിസ്റ്റിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. പരീക്ഷാർത്ഥികളിൽ നിന്നുള്ള അപേക്ഷകൾ ടി.ടി.ഐകളിൽ ഫയൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്. ആദ്യം അഡ്മിഷൻ കിട്ടിയ ടി.ടി.ഐ.യിൽ നിന്നും വിദ്യാർത്ഥി മറ്റു ടി.ടി.ഐ യിലേയ്ക്ക് ട്രാൻസ്ഫർ ആയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം കാൻഡിഡേറ്റ് ലിസ്റ്റിൽ റിമാർക്ക് കോളത്തിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

## IV പരീക്ഷാകേന്ദ്രങ്ങൾ:-

വിജ്ഞാപനത്തിൽ "അനുബന്ധം ബി" ആയി കൊടുത്തിട്ടുള്ള പരീക്ഷാകേന്ദ്രങ്ങളിലായിരിക്കും പരീക്ഷകൾ നടത്തപ്പെടുന്നത്. ഈ സ്കൂളുകളിലെ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ മാരായിരിക്കും പരീക്ഷാകേന്ദ്രത്തിന്റെ ചീഫ് സൂപ്രണ്ട്.

## V ഫീസ് നിരക്കുകൾ:-

### a) പരീക്ഷാഫീസ്:-

പരീക്ഷയ്ക്കുള്ള ഫീസ് താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കും **'0202-01-102-99 Examination Fees'** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഫീസ് ഒടുക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1. | ഫുൾ കോഴ്സ് I[st] and II[nd] Year (തിയറി & പ്രാക്ടിക്കൽ) | 150 രൂ. |
| 2. | ഫുൾകോഴ്സ് I[st] Year (തിയറി & പ്രാക്ടിക്കൽ) | 50 രൂ. |
| 3. | ഫുൾകോഴ്സ് 2[nd] Year (തിയറി & പ്രാക്ടിക്കൽ) | 100 രൂ. |
| 4. | ഒരു പേപ്പർ | 15 രൂ. |
| 5. | പ്രാക്ടിക്കൽ | 20 രൂ. |
| 6. | ഫൈൻ | 10 രൂ. |

### b) സർട്ടിഫിക്കറ്റിനുള്ള ഫീസ്:-

പരീക്ഷാ സർട്ടിഫിക്കറ്റിനുള്ള ഫീസ് 50 രൂപയാണ്. **0202-01-102-92 Other receipt** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒടുക്കേണ്ടതാണ്.

- പ്രൈവറ്റായി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഏത് ടി.ടി.ഐയിലാണോ പഠനം പൂർത്തിയാക്കിയത് ആ ടി.ടി.ഐ.യിലായിരിക്കണം ഫീസും അപേക്ഷാഫോറവും, ടി.ടി.സി ബുക്കും നൽകേണ്ടത്.
- ഇവരെ യാതൊരു കാരണവശാലും പഠനം പൂർത്തിയാക്കിയ ടി.ടി.ഐയിലല്ലാതെ അപേക്ഷ നൽകുവാൻ അനുവദിക്കുന്നതല്ല.
- കമ്പ്യൂട്ടറൈസ്ഡ് മാർക്കുലിസ്റ്റുകൾ ടി.ടി.ഐകളിൽ അപേക്ഷയോടൊപ്പം ശേഖരിക്കുകയോ, പരീക്ഷാഭവനിലേക്ക് അയച്ചുതരുകയോ ചെയ്യേണ്ടതില്ല.
- പരീക്ഷാകേന്ദ്രത്തിൽ അപേക്ഷയോ, ഫീസോ, ടി.ടി.സി ബുക്കോ ശേഖരിക്കേണ്ടതില്ല.
- ടി.ടി.ഐ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽമാർ പ്രൈവറ്റായി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഫീസ് പ്രത്യേകം ചെല്ലാനിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

## VI ഫീസിൽ നിന്ന് ഒഴിവാക്കൽ

### a) പരീക്ഷാ ഫീസ്

ഒരിക്കൽ ഒടുക്കിയ ഫീസ് മടക്കി നൽകുകയോ വരും വർഷങ്ങളിലേയ്ക്കുള്ള പരീക്ഷാഫീസായി അഡ്ജസ്റ്റ് ചെയ്യുകയോ ഇല്ല. പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷയോ ഫീസോ പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. പട്ടികജാതി പട്ടികവർഗ്ഗ, ഒ.ഇ.സി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പരീക്ഷാർത്ഥികൾ ആദ്യ രണ്ടു ചാൻസുകൾക്ക് ഫീസടക്കേണ്ടതില്ല. ഇങ്ങനെയുള്ള വിദ്യാർത്ഥികൾ രണ്ടാമത്തെ ചാൻസിനായി ആദ്യ ചാൻസിനുശേഷം 3 വർഷത്തിനുള്ളിൽ അപേക്ഷിച്ചിരിക്കണം.

### b) സർട്ടിഫിക്കറ്റിനുള്ള ഫീസ്

*എല്ലാ വിഭാഗം വിദ്യാർത്ഥികളും സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒടുക്കേണ്ടതാണ്.*

## VII കാൻഡിഡേറ്റ് ലിസ്റ്റ് തയ്യാറാക്കുന്ന വിധം:-

പരീക്ഷാർത്ഥികളുടെ ലിസ്റ്റ് ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകമായി തയ്യാറാക്കി നിശ്ചിത തീയതിക്കുള്ളിൽ ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. വിഭാഗങ്ങൾ എതൊക്കെ എന്ന് താഴെക്കൊടുത്തിരിക്കുന്നു.

| | | | |
|---|---|---|---|
| *Candidate list - 1* | *First Year TTC Examination-2011* | *New Scheme* | *Regular (Institution Going Candidates)* |
| *Candidate list - 2* | *First Year TTC Examination-2010* | *New Scheme* | *Re-appearing Candidates* |
| *Candidate list - 3* | *Second Year TTC Examination-2011* | *New Scheme* | *Regular (Institution Going Candidates)* |
| *Candidate list - 4* | *First Year TTC Examination-(2009,2008,2007,2006)* | *New Scheme* | *Private Candidates* |
| *Candidate list - 5* | *Second Year TTC Examination-(2010,2009,2008,2007)* | *New Scheme* | *Private Candidates* |
| *Candidate list - 6* | *First Year TTC Examination-2005* | *Old Scheme* | *Private Candidates* |
| *Candidate list - 7* | *Second Year TTC Examination-2006* | *Old Scheme* | *Private Candidates* |
| *Candidate list - 8* | *First year T.T.C Examination Before 2005 (Book holders) A & B list* | *Old Scheme* | *Private Candidates (Book holders)* |
| *Candidate list - 9* | *Second year T.T.C Examination Before 2005 (Book holders) A & B list* | *Old Scheme* | *Private Candidates (Book holders)* |

കാൻഡിഡേറ്റ് ലിസ്റ്റ് പൂർണ്ണമായും അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾക്കനുസരിച്ചായിരിക്കണം തയ്യാറാക്കേണ്ടത്. യാതൊരു കാരണവശാലും റഗുലർ വിദ്യാർത്ഥികളുടെ ലിസ്റ്റിൽ പ്രൈവറ്റ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തുവാൻ പാടില്ല.

ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ ആദ്യം പെൺകുട്ടികളുടെ പേരു വിവരങ്ങളും പിന്നീട് ആൺകുട്ടികളുടെ പേരു വിവരങ്ങളും കാൻഡിഡേറ്റ് ലിസ്റ്റിൽ എഴുതേണ്ടതാണ്. ഇനിഷ്യൽ പേരിന് പിന്നിൽ ചേർക്കേണ്ടതാണ്.

പ്രൈവറ്റ് വിദ്യാർത്ഥികളുടെ (Book holders) വിവരങ്ങൾ B ലിസ്റ്റിൽ തയ്യാറാക്കുമ്പോൾ അവർ മുമ്പ് പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളിലെയും രജിസ്റ്റർ നമ്പരും വർഷവും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

ടി.ടി.ഐ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽമാർ ടി.ടി.ടി.ഐകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കാൻഡിഡേറ്റ് ലിസ്റ്റ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ച് മേലൊപ്പ് വാങ്ങേണ്ടതാണ്. അതിനുശേഷമാണ് കാൻഡിഡേറ്റ് ലിസ്റ്റ് ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടത്. ചീഫ് സൂപ്രണ്ടുമാർ കാൻഡിഡേറ്റ് ലിസ്റ്റും അനുബന്ധ ഫോമുകളും ഒപ്പിട്ട് നിശ്ചിത തീയതിക്ക് മുമ്പായി ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

## VIII സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളും തീയതികളും

| | | |
|---|---|---|
| 1. | പരീക്ഷാഫീസ് TTI കളിൽ സ്വീകരിക്കേണ്ട തീയതികൾ | **03/01/2011 - 07/01/2011** |
| 2 | ലഭിച്ച ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | **10/01/2011** |
| 3 | ഫൈനോടുകൂടി ടി.ടി.ഐകളിൽ ഫീസ് സ്വീകരിക്കേണ്ട തീയതികൾ | **10/01/2011 - 11/01/2011** |
| 4 | ഫൈനോടുകൂടിയുള്ള പരീക്ഷാഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | **12/01/2011** |
| 5 | A & B List ഉം അനുബന്ധ ഫോമുകളും ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസിൽ എത്തിക്കേണ്ട അവസാന തീയതി | **20/01/2011** |
| 6 | പരീക്ഷാഭവനിൽ നിന്നും കംപ്യൂട്ടറൈസ്ഡ് കാൻഡിഡേറ്റ് ലിസ്റ്റ് (First Printout) TTI കളിൽ നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്ന തീയതി | **04/02/2011** |
| 7 | കംപ്യൂട്ടറൈസ്ഡ് കാൻഡിഡേറ്റ് ലിസ്റ്റ് (First Printout) TTI ൽ നിന്നും ആവശ്യമായ തിരുത്തലുകൾ വരുത്തി ജില്ലാ വിദ്യഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ട അവസാന തീയതി | **09/02/2011** |
| 8 | ഹാൾടിക്കറ്റും, രജിസ്റ്റർ നമ്പർ ചേർത്ത കാൻഡിഡേറ്റ് ലിസ്റ്റും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്ന തീയതി | **05/03/2011** |
| 9 | അഡ്മിഷൻ ടിക്കറ്റ് വിതരണം പൂർത്തിയാക്കേണ്ട തീയതി | **10/03/2011** |

## IX CWSN പരീക്ഷാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ഇത് സംബന്ധിക്കുന്ന വിവരങ്ങൾ പ്രത്യേക സർക്കുലർ മുഖേന പിന്നീട് ടി.ടി.ഐ കളിൽ അറിയിക്കുന്നതാണ്.

## X പരീക്ഷാർത്ഥിത്വം റദ്ദാക്കൽ:-

ഏതെങ്കിലും കുട്ടിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്.

ഫോറം അനുബന്ധം 'C' ആയി നൽകിയിരിക്കുന്നു. അപേക്ഷ 05/03/2011-ന് മുമ്പായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്.

## XI അഡ്മിഷൻ ടിക്കറ്റ്:-

ചീഫ് സൂപ്രണ്ടുമാർ പരീക്ഷ തുടങ്ങുന്നതിന് 3 ദിവസം മുമ്പ് പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് വിതരണം പൂർത്തിയാക്കേണ്ടതാണ്.

## XII പരീക്ഷാ ചെലവുകൾക്കുള്ള ഫണ്ട്:-

ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും ആവശ്യമായ തുക താല്ക്കാലികമായി പിൻവലിച്ചാണ് ടി.ടി.സി പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ വഹിക്കേണ്ടത്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീകൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും വിദ്യാഭ്യാസ ഉപഡയറക്ടർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതാണ്. പരീക്ഷകളുടെ കണ്ടിജൻസി തുക അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ പരീക്ഷാകമ്മീഷണറുടെ 11/08/2010-ലെ ജി2/49919/09/ സി.ജി.ഇ സർക്കുലറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## XIII പരീക്ഷാക്രമക്കേടുകൾ:-

പരീക്ഷാത്ഥികൾ, എഴുതിയതോ പ്രിന്റു ചെയ്തതോ ആയ പേപ്പറുകളുമായി പരീക്ഷാഹാളിൽ പ്രവേശിക്കുവാൻ പാടില്ല. മറ്റു വിദ്യാർത്ഥികളുടെ പേപ്പർ നോക്കി എഴുതുന്നതും, മറ്റു വിദ്യാർത്ഥികൾക്ക് കണ്ട് എഴുതുവാൻ അവസരം നൽകുന്നതും, ഹാളിൽ മറ്റു വിദ്യാർത്ഥികളോട് സംസാരിക്കുന്നതും പരീക്ഷാ ക്രമക്കേടായി പരിഗണിക്കുന്നതാണ്. പരീക്ഷാപേപ്പറിൽ നിശ്ചയിക്കപ്പെട്ട സ്ഥലത്തുമാത്രമേ രജിസ്റ്റർ നമ്പർ എഴുതാവു. രജിസ്റ്റർ നമ്പർ ഒഴികെ വിദ്യാർത്ഥിയെ തിരിച്ചറിയുന്നതിനായി പേരോ മറ്റെന്തെങ്കിലും വിവരമോ ഉത്തരക്കടലാസിൽ രേഖപ്പെടുത്തുവാൻ പാടില്ല. പരീക്ഷാഹാളിൽ സെൽഫോൺ അനുവദിക്കുന്നതല്ല. പരീക്ഷാഹാളിൽ പരീക്ഷാക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ അധികാരികൾ തുടർന്നെടുക്കുന്ന തീരുമാനങ്ങൾ അംഗീകരിച്ചുകൊള്ളാമെന്ന നിബന്ധന ഒപ്പിട്ടു നൽകിയാൽ മാത്രമേ തുടർന്ന് പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളു.

## XIV സർട്ടിഫിക്കറ്റ് വിതരണം:-

പരീക്ഷാഫലം പ്രഖ്യാപിച്ചതിനുശേഷം സർട്ടിഫിക്കറ്റുകൾ വിതരണത്തിനായി ടി.ടി.ഐ.കളിൽ എത്തിക്കുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയശേഷം പ്രിൻസിപ്പൽമാർ ഒപ്പിട്ട് സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

**വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ, ആയ ടി.ടി.സി കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇങ്ങനെയുള്ളവ പരീക്ഷാഭവനിൽ തിരികെ എത്തിച്ച് തെറ്റു തിരുത്തി വാങ്ങേണ്ടതാണ്.**

3 മാസങ്ങൾക്കുള്ളിൽ വിദ്യാർത്ഥി സർട്ടിഫിക്കറ്റ് ഏറ്റു വാങ്ങിയില്ലെങ്കിൽ അവ പരീക്ഷാ ഭവനിലേയ്ക്ക് "Unclaimed TTC" എന്നു രേഖപ്പെടുത്തിയ കവറിൽ അയച്ചുതരേണ്ടതാണ്. പിന്നീട് "0202-01-102-92- അദർ റസിറ്റ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 100 രൂപ ചെല്ലാൻ അടച്ചാൽ മാത്രമേ അൺക്ലെയ്മ്ഡ് സർട്ടിഫിക്കറ്റ് നൽകുകയുള്ളു.

## XV ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയും പുനർമൂല്യനിർണ്ണയവും

മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന, പുനർമൂല്യ നിർണ്ണയം എന്നിവയ്ക്കുള്ള അപേക്ഷ (അനുബന്ധം D) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി അഞ്ചു ദിവസത്തിനകം അതാത് ടി.ടി.ഐ കളിലെ പ്രിൻസിപ്പൽമാർക്കു നൽകേണ്ടതാണ്. നിശ്ചിത ഫീസ് പണമായി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. അപേക്ഷകളും ഫീസും പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. ഓരോന്നിനുമുള്ള നിബന്ധനകൾ താഴെ കൊടുത്തിരിക്കുന്നു.

### A) സൂക്ഷ്മപരിശോധന (Scrutiny)

1. പരീക്ഷാർത്ഥികൾ നിശ്ചിത ഫോറത്തിൽ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിക്കാവുന്ന താണ്.
2. പേപ്പർ ഒന്നിന് 25 രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.
3. പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിനിക്ക് പ്രത്യേക അപേക്ഷ ആവശ്യമില്ല.

### B) പുനർമുല്യനിർണയം

1. ഉത്തരക്കടലാസുകൾ പുനർമുല്യനിർണയം നടത്തുന്നതിന് നിശ്ചിത ഫാറത്തിൽ പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. അതിലേക്കുള്ള ഫീസ് പേപ്പർ ഒന്നിന് 400 രൂപ പണമായി നൽകേണ്ടതാണ്.
2. ഇപ്രകാരം അപേക്ഷകൾ നൽകുന്നവർ അതേ പേപ്പറിന് സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

- സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കുന്നതിനുള്ള തീയതി അവസാനിച്ചതിന്റെ അടുത്ത ദിവസം തന്നെ ടി.ടി.ഐ പ്രിൻസിപ്പൽമാർ ലഭിച്ച അപേക്ഷകളും തുകയും പരീക്ഷാഭവനിലേയ്ക്ക് അയച്ചുതരേണ്ടതാണ്. ലഭിച്ച അപേക്ഷകളുടെയും തുകയുടെയും വിവരങ്ങൾ അടങ്ങിയ ഒരു പ്രത്യേക സ്റ്റേറ്റ്മെന്റ് കൂടി Demand Draft നോടൊപ്പം നൽകേണ്ടതാണ്.

- പുനർമൂല്യനിർണ്ണയത്തിന്റെ ഫലം പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

- പുനർമൂല്യനിർണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പ്രസ്തുത റിസൾട്ടിന്റെ പകർപ്പും ലഭിച്ച ടി.ടി.സി കാർഡും പരീക്ഷാഭവനിൽ സമർപ്പിച്ചാൽ പുതിയ ഗ്രേഡ് ചേർത്ത് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**സെക്രട്ടറി**

## APPENDIX - A

## FIRST & SECOND YEAR T.T.C EXAMINATION MARCH - 2011

APPLICATION FOR REGISTRATION OF CANDIDATURE

NEW CURRICULUM - T.T.I GOING / PRIVATE

| | | |
|---|---|---|
| 1. | Admission No. | |
| 2. | Name (in block letter) | |
| 3. | Sex | |
| 4. | Religion & Caste | |
| 5. | Date of Birth | |
| 6. | Address | |
| 7. | Reg. No. of First Year T.T.C Exam | |
| 8. | General Education Qualification | |
| 9. | Medium of Instruction | |
| 10. | Regional Language Opted | |
| 11. | Subjects for which appearing | |
| 12. | Reg. No. and Year of first appearance in S.S.L.C | |
| 13. | Reg. No. and Year of previous appearances of T.T.C (for private candidate only) | |
| 14. | Chance no. of current appearance (for private candidate only) | |
| 15. | Details of Fees remitted. | |

Certified that the above mentioned facts are true.

Place :
Date :

Signature:
Name :

**APPENDIX - A**

**FIRST & SECOND YEAR T.T.C EXAMINATION MARCH - 2011**

APPLICATION FOR REGISTRATION OF CANDIDATURE

OLD CURRICULUM - PRIVATE CANDIDATE / T.T.C BOOK HOLDER

| | | | |
|---|---|---|---|
| 1. | Admission No. | | |
| 2. | Name ( in block letter) | | |
| 3. | Sex | | |
| 4. | Religion & Caste | | |
| 5. | Date of Birth | | |
| 6. | Address | | |
| 7. | General Education Qualification | | |
| 8. | Medium of Instruction | | |
| 9. | Regional language Opted | | |
| 10. | Subjects for which appearing | | |
| 11. | Reg. No. and year of first appearance in S.S.L.C | | |
| 12. | Reg. No. and year of previous appearances of T.T.C (for private candidate only) | **1st Year** | **IInd Year** |
| | | | |
| 13. | Chance no. of current appearance (for Private Candidate Only) | | |
| 14. | Details of Fees remitted | | |

Certified that the above mentioned facts are true.

Place :

Signature:

Date :

Name :

# <u>അനുബന്ധം - സി</u>

## ടി.ടി.സി പരീക്ഷ മാർച്ച് 2011

### പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള അപേക്ഷ
### (Application for Cancellation of Candidature)

1. സെന്റർ നമ്പർ      2. വിദ്യഭ്യാസ ജില്ല

3. പരീക്ഷാർത്ഥിയുടെ പേര് :

4. പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ :

5. ടി.ടി.ഐ യുടെ പേര് :

6. പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള കാരണം :

7. കാരണം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന രേഖകൾ :

8. പരീക്ഷാർത്ഥിയെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ?

9. ഉണ്ടെങ്കിൽ നീക്കം ചെയ്ത തീയതിയും കാരണവും :

10. മറ്റെന്തെങ്കിലും വിവരങ്ങൾ :

11. രക്ഷകർത്താവിന്റെ ഒപ്പ് :

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ്. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കണമെന്ന് അപേക്ഷിക്കുന്നു.

സ്ഥലം :
തീയതി:      സീൽ      പ്രിൻസിപ്പാളിന്റെ ഒപ്പ്

(അപേക്ഷ 28/02/2011ന് മുൻപായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്.)